## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2461 — 07.10.2016-ലെ മറുപടിയ്ക്ക്

## ഡാറ്റാ ബാങ്ക്, തണ്ണീർതട നിയമവ്യവസ്ഥകൾ കാരണം അനുമതി ലഭിക്കാത്ത അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ഡോ. കെ.റ്റി. ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിലെ 2 നഗരസഭകൾ ഉൾപ്പെടെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡാറ്റാ ബാങ്ക്, തണ്ണീർതട നിയമം എന്നിവയിലെ വ്യവസ്ഥകൾ കാരണം വീട് നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത/ അനുമതി നൽകാത്ത എത്ര പേരുണ്ട്; വിശദമായി പേര് വിവരം സഹിതം പട്ടിക ലഭ്യമാക്കാമോ; | (എ) 19.04.2016 ലെ 130/ആർ.എ.1/16/തസ്വഭവ നം. സർക്കുലർ വന്നതിനു ശേഷം കൊയിലാണ്ടി നഗരസഭയിൽ അപേക്ഷകളൊന്നും സ്വീകരിച്ചിട്ടില്ല.<br>പയ്യോളി നഗരസഭയിൽ ഡാറ്റാ ബാങ്ക് തണ്ണീർത്തട നിയമം എന്നിവയിലെ വ്യവസ്ഥകൾ കാരണം വീട് നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത/നൽകാത്ത 45 പേരുണ്ട്. പേരു വിവരങ്ങൾ അനുബന്ധം 'എ' ആയി നൽകിയിട്ടുണ്ട്.<br>കൊയിലാണ്ടി മണ്ഡലത്തിലെ ചെങ്ങോട്ടുകാവ്, തിക്കോടി, മൂടാടി, ചേമഞ്ചേരി, എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക്, തണ്ണീർത്തട നിയമം എന്നിവയിലെ വ്യവസ്ഥകൾ കാരണം വീട് നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത/നൽകാത്ത 55 പേരുണ്ട്. പേരു വിവരങ്ങൾ അനുബന്ധം 'ബി' ആയി നൽകിയിട്ടുണ്ട്. |
| (ബി) 2011 മുതൽ നാളിതുവരെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ എത്ര പേരുടെ അപേക്ഷകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നിരാകരിച്ചിരിക്കുന്നു; വിശദമായി പേര്, വിലാസം എന്നിവ സഹിതം വ്യക്തമാക്കാമോ? | (ബി) 2011 മുതൽ നാളിതുവരെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി നഗരസഭയിൽ 86 പേരുടേയും പയ്യോളി നഗരസഭയിൽ 27 പേരുടേയും അപേക്ഷകൾ നിരാകരിച്ചിട്ടുണ്ട്. വിശദമായ പേര്, വിലാസം എന്നിവ അനുബന്ധം 'സി' ആയി നൽകിയിട്ടുണ്ട്. |

2011 മുതൽ നാളിതു വരെ മൂടാടി ഗ്രാമപഞ്ചായത്ത് 3 പേരുടേയും ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് 17 പേരുടേയും അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. വിശദമായ പേര്, വിലാസം എന്നിവ അനുബന്ധം 'ഡി' ആയി നൽകിയിട്ടുണ്ട്. ചേങ്ങോട്ടുകാവ്, തിക്കോടി ഗ്രാമ പഞ്ചായത്തുകളിൽ അപേക്ഷകളൊന്നും നിരാകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ